നം.കെ.എസ്.എ-ഐ.ഡി.കെ-9/790/17

കേരള സംസ്ഥാന
ഓഡിറ്റ്
ഇടുക്കി ജില്ലാ ഓഡിറ്റ് ഓഫീസ്, തൊടുപുഴ
Phone : 04862 227332
*E-mail : doidk.ksad@kerala.gov.in*

തീയതി. 22.06.2017

# ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***************************

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09-01-2017 മുതൽ 11-06-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-06-2017 മുതൽ 17-06-2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | സീനീയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സജിമോൻ റൈറ്റസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.രേഖ.എം.കെ | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനിയർ | ശ്രീമതി. സില്ലാമോൾ മാത്യൂ | 01.04.2016 മുതൽ 07.07.2016 വരെ |
| | ശ്രീ. അരുൺകുമാർ ആർ. | 08.07.2016 മുതൽ 24.07.2016 വരെ |
| | ശ്രീ. ആദർശ് പി. ആർ. | 25.07.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ. ആർ. വിൻസെന്റ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. രാജമ്മ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കലാഫീസർ (പി.എച്ച്.സി) | ഡോ. മനു മുരളി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കലാഫീസർ (ഹോമിയോ) | ഡോ. കെ. അശ്വതി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. രഘുനന്ദൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. കെ. എച്ച്. സെൽമ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 - പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | അറ്റകുറ്റപ്പണിയെന്ന കാരണം മുൻനിർത്തി വാടക ഒഴിവാക്കി നൽകിയ നടപടി ക്രമവിരുദ്ധം | 2-1 |
| 14 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2-2 |
| 15 | വസ്തു നികുതി കണക്കുകൾ കാലികമല്ല | 2-3 |
| | ഭാഗം **3** | |
| 16 | മെഡിക്കൽ ഡിസ്പെൻസറികൾക്ക് മരുന്ന് ലഭ്യമാകാത്തത് | 3-1 |
| 17 | ഖരമാലിന്യസംസ്കരണം പദ്ധതി വിഭാവനം ചെയ്യാതെ തുക ചെലവഴിക്കുന്നത് | 3-2 |
| 18 | ഓണം മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല | 3-3 |
| 19 | വെള്ളക്കരം ഒടുക്കൽ അപാകതകൾ | 3-4 |
| 20 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ചെലവ് തടസ്സം – ₹15,256/- | 3-5 |
| 21 | വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി - പദ്ധതി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സം - ₹13,50,000/- | 3-6 |
| 22 | ക്ലൂവലേറ്റം, ഏഴാം നമ്പർ എന്നിവിടങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ സ്ഥാപിക്കൽ - പദ്ധതി പൂർത്തിയാക്കാത്തത് - തടസ്സം - ₹1,61,880/- | 3-7 |
| 23 | ആയുർവേദ ആശുപത്രി കെട്ടിടം – ലക്ഷങ്ങളുടെ പാഴ്ച്ചെലവ് | 3-8 |

| | | |
|---|---|---|
| 24 | വളകോട് കുടിവെള്ള പദ്ധതി - ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മോട്ടോർ സ്ഥാപിച്ചു - ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |



**********************************

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

2016-17വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ തീരുമാനം I പ്രകാരം അംഗീകരിച്ചു. ബജറ്റ്

പ്രകാരം പ്രതീക്ഷിക്കുന്ന മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് ₹17,02,67,504/- ആകെ ചെലവ് ₹16,89,68,000/- നീക്കിയിരിപ്പ് ₹12,99,504/- ആകുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 22.05.2017 | - | - |

## 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,04,16,058 |
| വരവ് | ₹11,59,92,156 |
| ആകെ | ₹13,64,08,214 |
| ചെലവ് | ₹11,27,84,559 |
| നീക്കിയിരിപ്പ് | ₹2,36,23,655 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരമുള്ളത്)

| ഫണ്ടിനം | തൻവർഷ വരവ് ₹ (അലോട്ട്മെന്റ്) | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 23544327 | 21503608 | 91.33 |
| വികസനഫണ്ട് (എസ്.സി.പി.) | 8332854 | 6753463 | 81.05 |
| വികസനഫണ്ട് (ടി.എസ്.പി.) | 5704779 | 4615312 | 80.90 |
| സംരക്ഷണഗ്രാന്റ് റോഡ് | 20370858 | 15609979 | 76.63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5741589 | 5741439 | 99.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13204293 | 12937324 | 97.98 |
| പെർഫോമൻസ് ഗ്രാന്റ് | 3364338 | 2590261 | 77 |
| എം.എൻ.ആർ.ഇ.ജി.എസ്. മുൻബാക്കി - ₹17,542/- | 22895214 (മുന്നിരിപ്പുൾപ്പെടെ) | 22876522 (നീക്കിയിരിപ്പ് - ₹18,692) | 99.92 |
| ബി-ഫണ്ട് | 38640015 | 38640015 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 80263038 | 150 | 69751386 | 15 | 116 | 58.71 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

- ഇല്ല -

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 76.42% കൂടുതലുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2446325 | 4856463 | 2410138 | 98.52 |
| നികുതിയേതര വരവുകൾ | 1374550 | 2112246 | 737696 | 53.66 |
| മറ്റുവരവുകൾ | 221683 | 163527 | (-)58156 | (-)26.23 |
| ആകെ | **4042558** | **7132236** | 3089678 | 76.42 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30960 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 707510 | 83 |
| വിധവാപെൻഷൻ | 1195880 | 1142 |
| വാർദ്ധക്യകാലപെൻഷൻ | 22804870 | 2483 |
| വികലാംഗപെൻഷൻ | 2877905 | 301 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 209550 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,170/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ഡി.സി.ബി. ഇനങ്ങളിൽ തൻവർഷ ഡിമാന്റ്, പിരിവ്, പിരിവ് ബാക്കി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

18 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും 8 ഊരുകൂട്ടങ്ങളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-05-2017 മുതൽ 26-05-2017 വരെ | 4/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-4-15 മുതൽ 28-4-15 | 2010-11 മുതൽ 2014-15 വരെ | 06-07-2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ ഈ

ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2. വസ്തു നികുതി, നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി, സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

**************************

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അറ്റകുറ്റപ്പണി എന്ന കാരണം മുൻനിർത്തി വാടകക്കാരൻ ആവശ്യപ്പെടാതെ തന്നെ വാടക ഒഴിവാക്കി നൽകിയത് ക്രമവിരുദ്ധം - ₹1,10,000/- നഷ്ടം

ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറി ശ്രീ. സോണി ജോസഫ് പ്രക്കാട്ട് എന്നയാൾക്ക് ₹10,000/- നിരക്കിൽ 5/2016 മുതൽ വാടകയ്ക്ക് നൽകിയിരുന്നു (വാടക രജിസ്റ്റർ, ലേല ഡയറി എന്നിവ പ്രകാരം). കരാർ ഇല്ലാതെയാണ് മുറി വാടകയ്ക്ക് നൽകിയിരുന്നത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ടിയാൻ വാടക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

20.07.2016ലെ 25-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാവുന്നതു വരെ വാടക ഈടാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്താതെ കിടക്കുന്നതിനാൽ കട നടത്താൻ ബുദ്ധിമുട്ടുണ്ടെന്നുള്ള വാടകക്കാരുടെ പരാതികൾ പരിഗണിച്ചാണ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതെന്നും ടി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വ്യാപാരം നടത്തുന്നില്ല എന്ന് വാടകക്കാർ

അറിയിച്ചതായി കമ്മിറ്റി തീരുമാനത്തിൽ പറഞ്ഞിട്ടില്ല. മാത്രമല്ല, അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനുള്ള കാലപരിധിയും തീരുമാനത്തിൽ പറഞ്ഞിട്ടില്ല.

പഞ്ചായത്ത് കമ്മറ്റിക്ക് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാടക ഒഴിവാക്കി നൽകിയതെന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീ. സോണി ജോസഫ് പ്രക്കാട്ട് കെട്ടിട മുറിയുടെ ശോചനീയാവസ്ഥ വ്യക്തമാക്കി ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് നൽകിയ അപേക്ഷ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. അറ്റകുറ്റപ്പണികൾക്കായി ടിയാൻ മുറിയുടെ താക്കോൽ തിരകെ ഏൽപ്പിച്ചിരുന്നോ എന്നും മുറി ഒഴിവായോ എന്നത് സംബന്ധിച്ചും യാതൊരുവിധ വിശദാംശംങ്ങളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ 20.07.2016 മുതൽ എന്ന് വരെയാണ് വാടക ഒഴിവാക്കി നൽകിയിരിക്കുന്നതെന്നും കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടില്ല.

പഞ്ചായത്ത് വക കടമുറികളുടെ ഭൗതികാവസ്ഥ പരിശോധിച്ച് ഉറപ്പുവരുത്തേണ്ട ബാദ്ധ്യത പഞ്ചായത്ത് അധികൃതർക്കുണ്ടായിരുന്നു. ഏതാനം ആഴ്ചകൾ കൊണ്ട് പൂർത്തീകരിക്കാവുന്ന അറ്റകുറ്റപ്പണികൾക്ക് വേണ്ടി വാടക ഒഴിവാക്കി നൽകിയ ഭരണസമിതി തീരുമാനം ചട്ടവിരുദ്ധമാണ്. മാത്രമല്ല, അറ്റകുറ്റപ്പണി നടത്താത്ത കെട്ടിടങ്ങളിലെ വാടകക്കാരുടെ സ്വാഭാവികമായ ഒരു പരാതി മുൻ നിർത്തി, വാടക്കാരൻ ആവശ്യപ്പെടാതെ തന്നെ വാടക ഒഴിവാക്കി നൽകിയത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യത്തിന് എതിരുമാണ്. (5/16 മുതൽ 7/16 വരെയുള്ള വാടകയായ ₹30,000/- (3x10,000) കുടിശ്ശികയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1998ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4, 5 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് കരാറിൽ ഏർപ്പെടുകപോലും ചെയ്യാത്ത കുത്തകക്കാരന് വാടക ഒഴിവാക്കി നൽകിയിരിക്കുന്നത്. പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് ഇത് ഇടയാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ചട്ടവിരുദ്ധമായി തീരുമാനമെടുത്ത് കുത്തകക്കാരനിൽ നിന്നും വാടക ഈടാക്കേണ്ട എന്ന്

തീരുമാനിച്ച ഭരണസമിതി സെക്രട്ടറി എന്നിവരിൽ നിന്നും 8/2016 മുതൽ 3/2017 വരെയുള്ള വാടകയായ ₹80,000/- തുല്യമായി ഈടാക്കേണ്ടതാണ്. വാർഷിക കണക്കിൽ കുടിശികയായി ഉൾപ്പെടുത്തിയിരിക്കുന്നതും കരാറിന്റെ അഭാവത്തിൽ കുത്തകക്കാരനിൽ നിന്നും ഈടാക്കാൻ സാധിക്കാത്തതുമായ ₹30,000/- നിയമാനുസൃതമായ കരാർ ചമയ്ക്കാതെ മുറി വാടകയ്ക്ക് നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ 2013-14 വർഷം മുതലുള്ള വസ്തുനികുതി ഈടാക്കുന്നില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനം (സ്ഥലം ഉടമസ്ഥന്റെ പേര്) | തറ വിസ്തീർണ്ണം | വർഷം | നികുതി |
|---|---|---|---|---|---|
| 1 | 16/653 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് (പി. ബഷീർ തൊമ്മിത്താഴത്ത്) | 27 m2 | 2013-14 | 15593 |
| | | | | 2014-15 | 15593 |
| | | | | 2015-16 | 15593 |
| | | | | 2016-17 | 15593 |
| 2 | 6/429 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് (എബ്രഹാം കോട്ടിരിക്കൽ) | 33 m2 | 2013-14 | 15593 |
| | | | | 2014-15 | 15593 |
| | | | | 2015-16 | 15593 |
| | | | | 2016-17 | 15593 |
| 3 | 6/408 | ഇൻഡസ് ടവേഴ്സ് (ജേക്കബ് വാസ്തോലിൽ) | 25 m2 | 2013-14 | 15750 |
| | | | | 2014-15 | 15750 |
| | | | | 2015-16 | 15750 |
| | | | | 2016-17 | 15750 |
| 4 | 6/350 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് (എ. റ്റി. തോമസ്) | 25 m2 | 2013-4 | 15750 |
| | | | | 2014-15 | 15750 |

| | | | | | |
|---|---|---|---|---|---|
| | | | | 2015-16 | 15750 |
| | | | | 2016-17 | 15750 |
| 5 | 1/49 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് (ലിസ്സി ജോസ് രാമനാലിൽ) | 25 m2 | 2013-14 | 15750 |
| | | | | 2014-15 | 15750 |
| | | | | 2015-16 | 15750 |
| | | | | 2016-17 | 15750 |
| 6 | 13/461 | ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൽ പീരുമേട് | 20 m2 | 201-3-14 | 6300 |
| | | | | 2014-15 | 6300 |
| | | | | 2015-16 | 6300 |
| | | | | 2016-17 | 6300 |
| 7 | 7/409A | തോമസ് ജോസഫ്, മഞ്ഞനാമറ്റം (സർവ്വീസ് പ്രൊവൈഡറുടെ പേര് വ്യക്തമാക്കിയിട്ടില്ല) | 25 m2 | 2013-14 | 15750 |
| | | | | 2014-15 | 15750 |
| | | | | 2015-16 | 15750 |
| | | | | 2016-17 | 15750 |
| 8 | 6/407 | ജേക്കബ് വാസ്സോലിൽ (സർവ്വീസ് പ്രൊവൈഡറുടെ പേര് വ്യക്തമാക്കിയിട്ടില്ല | 25 m2 | 2013-14 | 15750 |
| | | | | 2014-15 | 15750 |
| | | | | 2015-16 | 15750 |
| | | | | 2016-17 | 15750 |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 6) മറുപടിയിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കാലഹരണപ്പെട്ട് പോകാതെ മൊബൈൽ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## **2-3** <u>വസ്തു നികുതി കണക്കുകൾ കാലികമല്ല</u>

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി സംബന്ധിച്ച അടിസ്ഥാന വിവരം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമാണ് സൂക്ഷിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തുനികുതിയുടെ യഥാർത്ഥ കണക്കിനെ പ്രതിഫലിപ്പിക്കുന്നില്ല. വസ്തുനികുതി തൻവർഷം വരവ്,

കുടിശ്ശിക എന്നിവയുടെ യഥാർത്ഥ കണക്ക് ലഭ്യമാകാത്ത സാഹചര്യം ഭരണ സമിതി ഗൗരവമായി വീക്ഷിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

*************************

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മെഡിക്കൽ ഡിസ്പെൻസറികൾക്ക് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നത് - ചെലവ് തടസ്സം - ₹4,31,850/-

താഴെ പറയുന്ന മെഡിക്കൽ ഓഫീസർമാർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

എ) മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ പദ്ധതി

| പദ്ധതി | തുക പിൻവലിച്ച ബിൽ നം. | തുക നൽകിയത് | ലഭ്യമായ മരുന്നുകൾ | ലഭ്യമാകാത്തത് |
|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ (S0260) | 3/16-17 തീ.20.02.17/ ₹1,50,000/- | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, NEFT തീ. 20.02.17 | - ഇല്ല - | ₹1,50,000/-യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |
| ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (S0261) | 2/16-17 തീ.27.01.17/ ₹5,00,000/- | ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ കേരള, തൃശ്ശൂർ ചെക്ക് നം.6218925 തീ.09.01.17 | ബിൽ നം. 3783 തീ.31.01.17 ₹2,64,674/- ബിൽ നം.5124 തീ.21.04.17 ₹1,06,642/- ആകെ | ആകെ ₹3,71,316/- ₹1,28,684/-യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |

| | | | | |
|---|---|---|---|---|
| | | | ₹3,71,316/- | |
| | | | ആകെ | 278684/- |

പദ്ധതി പൂർത്തിയാകാത്തതിനാൽ ₹2,78,684/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നടപ്പാക്കിയ പദ്ധതി

| പദ്ധതി | തുക പിൻവലിച്ച ബിൽ നം. | തുക നൽകിയത് | ലഭ്യമായ മരുന്നുകൾ | ലഭ്യമാകാത്തത് |
|---|---|---|---|---|
| ക്യാൻസർ രോഗികൾക്ക് തുടർ ചികിൽസ് പദ്ധതി (S0267/17) | 3/16-17 തീ.28.02.17 ₹1,53,166/- | കേരള സ്റ്റേറ്റ് ഫാർമസ്യൂട്ടിക്കൽ ലി., NEFT തീ. 20.2.17 | - ഇല്ല - | ₹1,53,166/-യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |

പദ്ധതി പൂർത്തിയാകാത്തതിനാൽ ₹1,53,166/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാക്കി ₹4,31,850/- (എ)278684+(ബി)153166)ന്റെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ഖരമാലിന്യ സംസ്കരണം - പദ്ധതി വിഭാവനം ചെയ്യാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു

പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ./ തീ.11.01.2016ലെ ഖണ്ഡിക 12 പ്രകാരം ഓരോ പ്രദേശത്തെയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കർമ്മ പരിപാടി തയ്യാറാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം ഖരമാലിന്യ സംസ്കരണത്തിനായി പദ്ധതി വിഭാവനം ചെയ്യാതെ ഓഡിറ്റ് വർഷം ചുവടെ കൊടുക്കുംപ്രകാരം ₹5,06,500/- തനത് ഫണ്ടിൽ നിന്നും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 6 വീതം തൊഴിലാളികളെ

ദിവസക്കൂലി അടിസ്ഥാനത്തിൽ ക്ലീനിംഗ് വേലകൾക്ക് നിയോഗിക്കുകയും ശേഖരിക്കപ്പെടുന്ന ഖരമാലിന്യം പഞ്ചായത്തിലെ ടിപ്പർ ലോറിയിൽ കയറ്റി 13 കിലോമീറ്റർ ദൂരത്തുള്ള പീരുമേട് ടീ കമ്പനിയുടെ അധീനതയിലുള്ള സ്ഥലത്ത് കൊണ്ടുപോയി തള്ളുകയും കത്തിക്കാവുന്ന മാലിന്യം കത്തിക്കുകയും ബാക്കിവരുന്നവ കുഴിച്ച് മൂടുകയും ആണ് നിലവിൽ ചെയ്യുന്നത്. ഇപ്രകാരം മാലിന്യം കത്തിക്കുകയും ബാക്കി വരുന്നവ കുഴിച്ച് മൂടുകയും ചെയ്യുന്നത് ഭാവിയിൽ പലവിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകാവുന്നതിനാൽ 12-ാം പദ്ധതിയിൽ അനുശാസിക്കുന്ന പ്രകാരം ഖരമാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതി വിഭാവനം ചെയ്ത് ശാശ്വത പരിഹാരം ഉണ്ടാക്കേണ്ടതാണ്.

ചെലവ് തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | വൗച്ചർ നമ്പർ/തീയതി | ചെലവഴിച്ച തുക ₹ |
|---|---|---|
| 4/2016 | 21600010/02-04-16 | 43150 |
| 5/2016 | 21600085/02-05-16 | 42100 |
| 6/2016 | 21600152/01-06-16 | 42550 |
| 7/2016 | 21600271/01-07-16 | 42100 |
| 8/2016 | 21600408/01-08-16 | 42100 |
| 9/2016 | 21600489/01-09-16 | 43650 |
| 10/2016 | 21600623/01-10-16 | 41000 |
| 11/2016 | 21600745/01-11-16 | 42550 |
| 12/2016 | 21600834/02-12-16 | 42100 |
| 1/2017 | 21600951/03-01-17 | 43650 |

| | | |
|---|---|---|
| 2/2017 | 21601064/01-02-17 | 42550 |
| 3/2017 | 21601184/01-03-17 | 39000 |
| | ആകെ | 506500 |

## 3-3 ഓണം മുൻകൂർ തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമാരായിരുന്ന ശ്രീ. എം. ജെ. സുരേഷ് കുമാർ, ശ്രീ. വി. റ്റി. കുര്യൻ എന്നിവർക്ക് ഓണം അഡ്വാൻസായി യഥാക്രമം വൗച്ചർ നമ്പർ 21500424/25-08-2015 പ്രകാരം ₹10,000/-യും വൗച്ചർ നമ്പർ 21600558/07-09-2016 പ്രകാരം ₹15,000/-ഉം നൽകിയിരുന്നു. എന്നാൽ ടി അഡ്വാൻസ് തുകകളിൽ ശ്രീ. എം. ജെ. സുരേഷ് കുമാറിന് നൽകിയ ₹10,000/-ഉം ശ്രീ. വി. റ്റി. കുര്യന് നൽകിയ ₹15,000/-ൽ ₹6,000/-ഉം നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.

സർക്കുലർ നമ്പർ 21384/എ.ബി-3/11/ത.സ്വ.ഭ.വ./തീയതി : 04-06-2011 സർക്കാർ നിർദ്ദേശ പ്രകാരമുള്ള 18% പലിശ സഹിതം മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 വെള്ളക്കരം ഒടുക്കൽ അപാകതകൾ.

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 59 ടാപ്പുകൾക്ക് 4/16 മുതൽ 1/17 വരെ പ്രതിമാസം ₹25,813/- നിരക്കിലും 2/17 മുതൽ ₹26,688/- നിരക്കിലും ആകെ ₹3,11,506/- ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 59 ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി വർഷത്തിലൊരിക്കൽ സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.ടി.) നം.2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 10/2011 ശേഷം നാളിതുവരെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. താമസംവിനാ സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ : 21600189/06-06-2016. ₹15,256/-

ഉപ്പുതറ ബൈപാസ് റോഡിലും കരിന്തരുവി അംഗൻവാടിയിൽ കുട്ടികൾക്ക് സുരക്ഷ ഭീക്ഷണിയായി നിൽക്കുന്നതുമായ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ കെ.എസ്.ഇ.ബി., ഉപ്പുതറയുടെ എസ്റ്റിമേറ്റ് പ്രകാരം ₹15,256/- നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി നൽകിയ മറുപടി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് കത്ത് നൽകിയെങ്കിലും കെ.എസ്.ഇ.ബി.-യുടെ ഭാഗത്ത് നിന്നും നടപടി ഉണ്ടാകാത്തതിനാൽ വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് തുക ചെലവഴിച്ചതെന്നാണ്. എന്നാൽ ടി മറുപടി അംഗീകരിക്കത്തക്കതല്ല. പൊതുജനങ്ങൾക്ക് ദോഷകരമായി പൊതുനിരത്തിൽ നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ട ഉത്തരവാദിത്വം വൈദ്യുതി ബോർഡിന്റെതായതിനാലും പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ലാത്തതിനാലും ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി - പദ്ധതി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സം - ₹13,50,000/-

വനിതകൾക്ക് കറവപ്പശുവിന് സബ്സിഡി (SO271/17)

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

| | | |
|---|---|---|
| അടങ്കൽ | 180 ഗുണഭോക്താക്കൾക്ക് സബ്സിഡി @7,500/-<br>ആകെ ₹13,50,000/- | ₹13,50,000/- |
| ചെലവ് | ബിൽ നം. 1/16-17/28.2.17 | ₹1,50,000/- |
| | ബിൽ നം. 2/16-17/28.2.17 | ₹4,87,500/- |
| | ബിൽ നം. 3/16-17/20.3.17 | ₹2,70,000/- |

| | | |
|---|---|---|
| | ബിൽ നം. 7/16-17/30.3.17 | ₹4,42,500/- |
| | ആകെ | ₹13,50,000/- |

പ്രസ്തുത പദ്ധതിയിൽ 180 ഗുണഭോക്താക്കൾക്ക് ₹7,500/- വീതം സബ്സിഡി നൽകുന്നതിന് ₹13,50,000/- പിൻവലിച്ചിട്ടുണ്ട്. ഈ തുക കട്ടപ്പന കോർപ്പറേഷൻ ബാങ്കിൽ വെറ്റനറി സർജന്റെ പേരിലുള്ള A/c No.CBCA/01/000062-ൽ നിക്ഷേപിച്ചു. ഗുണഭോക്താക്കൾക്ക് പശുവിനെ നൽകിയവർക്ക് പദ്ധതി വിഹിതം കൈമാറിയതിന്റെ പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.1) നൽകിയ മറുപടിയിൽ സബ്സിഡി വിഹിതം ട്രാൻസ്ഫർ ചെയ്യുന്നതിന് ബാങ്കിൽ സംഭവിച്ച തെറ്റുകൾ മൂലമാണ് രേഖകൾ ഹാജരാക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. താമസംവിനാ സബ്സിഡി വിഹിതം പൂർണ്ണമായും അർഹരായവരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകാത്തതിനാൽ ₹13,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ക്കുവലേറ്റം, ഏഴാം നമ്പർ എന്നിവിടങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി പൂർത്തിയാക്കാത്തത് - തടസ്സം - ₹1,61,880/-.

പദ്ധതി - ക്കുവലേറ്റം, ഏഴാം നമ്പർ എന്നിവിടങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (SO253/17)

അടങ്കൽ - (ലോകബാങ്ക് ധനസഹായം) - ₹2,00,000/-

ബിൽ നം. – 25/16-17/30.03.2017/161880/-

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ടെന്റർ ക്ഷണിച്ച് ₹1,62,000/-യ്ക്ക് റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻ, തൊടുപുഴ എന്ന സ്ഥാപനത്തിന് കരാർ നൽകുകയുണ്ടായി. 2016-17-ൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടപ്പാക്കിയില്ലെങ്കിൽ ലോകബാങ്ക് ധനസഹായം നഷ്ടമാകുമെന്നതിനാൽ 29-03-1017ലെ കമ്മറ്റി തീരുമാനപ്രകാരം ₹1,61,880/- പിൻവലിച്ച്

പഞ്ചായത്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി നടപ്പാകാതെ തുക പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതി പൂർത്തിയാകാത്തതിനാൽ ₹1,61,880/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി പദ്ധതി പൂർത്തിയാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമാണം – ലക്ഷങ്ങളുടെ പാഴ്ച്ചെലവ്



*ആയുർവേദ ആശുപത്രിക്കായി നിർമ്മിച്ച കെട്ടിടം*

2011-12 സാമ്പത്തിക വർഷത്തിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ബൈപ്പാസ് റോഡിൽ നിർമ്മാണം ആരംഭിച്ച ആയുർവേദ ആശുപത്രി കെട്ടിടം നാളിതുവരെയായും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. 2011-12 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ₹58,43,387/- കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും കെട്ടിടം നിർമ്മാണം പൂർത്തിയാക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ സാധിച്ചിട്ടില്ല. 26.10.2016ലെ 9-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം നാളിതുവരെയുള്ള നിർമ്മാണ പ്രവൃത്തികളുടെ മൂല്യം തിട്ടപ്പെടുത്തുന്നതിനും തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ആശുപത്രി കെട്ടിടം

മെയിന്റനൻസ് നടത്തുന്നതിനായി ₹7,00,000/- വകയിരിത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

ഭാഗികമായി നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ സ്ലൂക്ച്ചറുകളുടെ കമ്പികൾ തുരുമ്പിച്ചും കാട്ടു കയറിയും നാശോന്മുഖമായ അവസ്ഥയിലാണ്. ആയുർവേദ ആശുപത്രി കെട്ടിടം എന്ന പേരിലാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നതെങ്കിലും ഈ ആവശ്യത്തിനുതകുംവിധമല്ല കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്ന് നേരിൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. മൂന്ന് നിലകളുള്ള കെട്ടിടത്തിന്റെ താഴെത്തെ രണ്ട് നിലകളിലും കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിന് അനുയോജ്യമായ വിധത്തിൽ ഷട്ടറുകൾ ഘടിപ്പിച്ചിരിക്കുന്നു. ആയുർവേദ ആശുപത്രി കെട്ടിടം എന്ന പേരിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടമാണ് നിർമ്മിച്ചിരിക്കുന്നത്. വ്യക്തമായ കാഴ്ചപ്പാടോടു കൂടിയും ആയുർവേദ ആശുപത്രിക്ക് മികച്ച സൗകര്യങ്ങളൊരുക്കുക എന്ന ലക്ഷ്യത്തോടെയുമാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നതെങ്കിൽ ജനക്ഷേമത്തിന് വേണ്ടി വകയിരുത്തേണ്ട പണം ഇപ്രകാരം പാഴ്ച്ചെലവ് ആകില്ലായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു.

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കെട്ടിടം ആശുപത്രിക്ക് ഉതകും വിധം പ്രവർത്തനക്ഷമമാക്കി നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 വളകോട് കുടിവെള്ള പദ്ധതി - ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മോട്ടോർ സ്ഥാപിച്ചു - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – 243/16

ബിൽ നമ്പർ – 25/30.09.2016 ₹1,30,000/-

2003-04 വർഷം ജില്ലാപഞ്ചായത്ത് പണി കഴിപ്പിച്ചതും ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ വളകോട് കുടിവെള്ള പദ്ധതിയിൽ കുളം, പമ്പുസെറ്റ്, മോട്ടോർ പുര എന്നിവ ഉൾപ്പെട്ടിരുന്നതാണ്. മോട്ടോർ കേടായതിനെ തുടർന്ന് ₹1,30,000/- ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് ഇതേ മോട്ടോർപുരയിൽ മറ്റൊരു മോട്ടോർ സ്ഥാപിച്ചിരിക്കുകയാണ്. ജില്ലാപഞ്ചായത്തിന്റെ അനുവാദമില്ലാതെയാണ് ഇപ്രകാരം ചെയ്തത്. കേടായ മോട്ടോർ

ജില്ലാപഞ്ചായത്ത് തിരിച്ചെടുത്ത് ലേലം ചെയ്ത് മുതൽ കൂട്ടാതെ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ഇനത്തിയാി ചെലവ് ചെയ്ത സാഹചര്യത്തിൽ ₹1,30,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കുളവും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**************************

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

- ഇല്ല -

## 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6(5)1 | കുളം നിർമ്മാണം | ഉടമസ്ഥത ഉറപ്പാക്കാതെ സ്ഥലം വാങ്ങി നൽകി |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,59,92,156/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,27,84,556/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,10,000/- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - ഇല്ല - |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | ₹20,88,986/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 110000 | ഇല്ല | സജിമോൻ ടൈറ്റസ്, പ്രസിഡന്റ് |
| | 4210 | - | ഷീബാ സത്യനാഥ്, വൈസ് പ്രസിഡന്റ് |
| | 4210 | - | അമ്പിളി സുകുമാരൻ, മെമ്പർ |
| | 4210 | - | ബാലകൃഷ്ണൻ കെ. കെ., മെമ്പർ |
| | 4210 | - | ഗീതാ അജയൻ, മെമ്പർ |
| | 4210 | - | ഷീലാ രാജൻ, മെമ്പർ |
| | 4210 | - | ഡെൻസ് വർഗീസ്, മെമ്പർ |
| | 4210 | - | ഉഷാ നന്ദിനി, മെമ്പർ |
| | 4210 | - | കെ. സത്യൻ, മെമ്പർ |
| | 4210 | - | ബ്ലെസ്സി പള്ളിമുറ്റം, മെമ്പർ |
| | 4210 | - | ആർ. പെരുമാൾ, മെമ്പർ |
| | 4210 | - | ജി. ഷാജി, മെമ്പർ |

| | | | |
|---|---|---|---|
| | 4210 | - | പ്രമീള രാഘവൻ, മെമ്പർ |
| | 4210 | - | ജെസ്സി ചിന്നദുരൈ, മെമ്പർ |
| | 4210 | - | ജോസ് മാത്യു, മെമ്പർ |
| | 4210 | - | എ. സോദരൻ, മെമ്പർ |
| | 4210 | - | അഡ്വ. ബിജു പോൾ, മെമ്പർ |
| | 4210 | - | ഷംസ് ചിറയിൽ, മെമ്പർ |
| | 34220 | - | രേഖ എം. കെ., സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,31,850/- | ഡോ. അശ്വതി. കെ.<br>ഓഡിറ്റ് തടസ്സം - ₹2,78,684/-<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| | | ഡോ. മനു മുരളി<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) - ₹1,53,166/- |
| 3-5 | 15,256/- | ശ്രീമതി. രേഖ എം. കെ., സെക്രട്ടറി |
| 3-6 | 13,50,000/- | ഡോ. ബി. രഘുനാഥൻ, വെറ്ററിനറി സർജൻ |
| 3-7 | 1,61,880/- | ശ്രീമതി. രേഖ എം. കെ., സെക്രട്ടറി |
| 3-9 | 1,30,000/- | ശ്രീ. ആദർശ് പി. ആർ., അസി. എൻജിനീയർ |
| | 20,88,986/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ</u>

വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | സജിമോൻ റൈറ്റസ്<br>മെമ്പർ | - | മുളന്താനത്ത്കുഴിയിൽ<br>മത്തായിപ്പാറ പി.ഒ.,<br>വളകോട് |
| 2 | ഷീബ സത്യനാഥ്<br>മെമ്പർ | - | കള്ളിക്കൽ<br>മത്തായിപ്പാറ പി.ഒ.,<br>കിഴക്കാനം |
| 3 | അമ്പിളി സുകുമാരൻ<br>മെമ്പർ | - | വിരിപ്പിൽ<br>മത്തായിപ്പാറ പി.ഒ.,<br>കുവലേറ്റം |
| 4 | ബാലകൃഷ്ണൻ കെ. കെ.<br>മെമ്പർ | - | കല്ലോലിയ്ക്കൽ<br>മത്തായിപ്പാറ പി.ഒ.,<br>കണ്ണംപടി |
| 5 | ഗീതാ അജയൻ<br>മെമ്പർ | - | ചരളികുന്നേൽ<br>ഉപ്പുതറ പി. ഒ., ഉപ്പുതറ |
| 6 | ഷീല രാജൻ<br>മെമ്പർ | - | ചെമ്പൻകുളം<br>ഉപ്പുതറ പി. ഒ., ഉപ്പുതറ |
| 7 | ഡെൻസി വർഗീസ്<br>മെമ്പർ | - | കാണക്കാലിൽ<br>ഉപ്പുതറ പി. ഒ., ഉപ്പുതറ |
| 8 | ഉഷാനന്ദിനി തങ്കച്ചൻ<br>മെമ്പർ | - | കല്ലുതൊട്ടിയിൽ<br>മത്തായിപ്പാറ പി.ഒ.,<br>വളവുകോട് |
| 9 | കെ. സത്യൻ<br>മെമ്പർ | - | ഉണ്യംതല<br>പശുപ്പാറ പി. ഒ., പശുപ്പാറ |
| 10 | ബ്ലെസ്സി<br>മെമ്പർ | - | പള്ളിമുറ്റം<br>ചീന്തലാർ നമ്പർ 3, |

| | | | |
|---|---|---|---|
| | | | ആനപ്പള്ളം |
| 11 | ആർ. പെരുമാൾ<br>മെമ്പർ | - | ചീന്തലാർ നമ്പർ 2<br>ലോൺട്രി പി.ഒ., പുതുകട |
| 12 | ജി. ഷാജി<br>മെമ്പർ | - | എട്ടിപ്പറമ്പിൽ<br>ഉപ്പുതറ പി. ഒ., ഉപ്പുതറ |
| 13 | പ്രമീള രാഘവൻ<br>മെമ്പർ | - | കറുക്കയിൽ<br>ലോൺട്രി പി. ഒ. |
| 14 | ജെസ്സി ചിന്നദുരൈ<br>മെമ്പർ | - | പുത്തൻപുരയ്ക്കൽ<br>കരിന്തരുവി എസ്റ്റേറ്റ് |
| 15 | ജോസ് മാത്യു<br>മെമ്പർ | - | ഈറ്റത്തോട്ട്<br>ചിന്നാർ പി. ഒ., ചിന്നാർ |
| 16 | എ. സോദരൻ<br>മെമ്പർ | - | പുന്നവിള<br>കാറ്റാടിക്കവല, ചീന്തലാർ പി. ഒ. |
| 17 | അഡ്വ. ബിജുപോൾ<br>മെമ്പർ | - | ഞെളിയൻപറമ്പിൽ<br>പശുപ്പാറ പി. ഒ., കാപ്പിപ്പതാൽ |
| 18 | ഷംസ്<br>മെമ്പർ | - | ചിറയിൽ<br>പശുപ്പാറ പി. ഒ., പശുപ്പാറ |
| 19 | രേഖ എം. കെ.<br>സെക്രട്ടറി | സെക്രട്ടറി<br>ഉപ്പുതറ<br>ഗ്രാമപഞ്ചായത്ത് | വെട്ടിക്കാട്ട് വാര്യം(ചൈത്രം)<br>കുടമാളൂർ പി. ഒ.,<br>കോട്ടയം |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1962-63-1977-78 | എൽ.എഫ്.ഐ-7/1196/90/02-01-91 |
| 1978-1979 | എൽ.എഫ്.ഐ-6/359/81/19-06-81 |
| 1979-80&1980-81 | എൽ.എഫ്.ഐ-6/689/81/02-03-82 |
| 1981-1982 | എൽ.എഫ്.ഐ-6/164/84/27-07-84 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-1983 | എൽ.എഫ്.ഐ-6/1102/84/10-06-85 |
| 1983-1984 | എൽ.എഫ്.ഐ-7/225/86/04-04-87 |
| 1984-1985 | എൽ.എഫ്.ഐ-7/543/88/31-03-88 |
| 1985-1986 | എൽ.എഫ്.ഐ-7/766/89/31-10-89 |
| 1986-1987 | എൽ.എഫ്.ഐ-7/982/91/06-01-92 |
| 1987-1988 | എൽ.എഫ്.ഐ-7/338/92/22-09-92 |
| 1988-89&1989-90 | എൽ.എഫ്.ഐ-7/436/93/03-12-93 |
| 1990-91&1991-92 | എൽ.എഫ്.ഐ-7/127/94/04-08-94 |
| 1992-93&1993-94 | എൽ.എഫ്.ഐ-7/157/95/04-07-95 |
| 1994-1995 | എൽ.എഫ്.ഐ-7/99/96/11-06-96 |
| 1995-1996 | എൽ.എഫ്.ഐ-6/475/99/10-03-2000 |
| 1996-97 | എൽ.എഫ്.ഐ-6/748/98/07-10-98 |
| 1997-98 | എൽ.എഫ്.ഐ-6/50/99/02-6-99 |
| 1998-99 | എൽ.എഫ്.ഐ-6/37/01/28-02-01 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | എൽ.എഫ്.ഐ-6/105/02/28-6-02 |
| 2000-2001 | എൽ.എഫ്.ഐ-6/238/03/28-11-03 |
| 2001-2002 | എൽ.എഫ്.ഐ-6/30/04/27-4-04 |
| 2002-2003 | എൽ.എഫ്.ഐ-6/595/04/06-4-05 |
| 2003-2004 | എൽ.എഫ്.ഐ-6/99/06/08-6-06 |
| 2004-2005 | എൽ.എഫ്.ഐ-6/1034/06/06-1-07 |
| 2005-2006 | എൽ.എഫ്.ഐ-6/280/08/22-9-08 |
| 2006-2007 | എൽ.എഫ്.ഐ-6/450/09/19-12-09 |
| 2007-2008 | എൽ.എഫ്.ഐ-6/247/10/18-09-10 |
| 2008-2009 | എൽ.എഫ്.ഐ-9/77/11/09-08-11 |
| 2009-2010 | എൽ.എഫ്.ഐ-9/78/11/09-08-11 |
| 2010-2011 | എൽ.എഫ്.ഐ-9/423/12/19-06-12 |
| 2011-2012 | എൽ.എഫ്.ഐ-9/59/13/16-04-13 |
| 2012-2013 | എൽ.എഫ്.ഐ-9/553/14/13-08-14 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2013-14 | എൽ.എഫ്.ഐ-9/488/2015/29-07-15 |
| 2014-15 | കെ.എസ്.എ-ഐഡി.കെ-9/143/2016/07-04-2016 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/28/17/17.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-9/790/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Ph:04862-227332

***e-mail:doidk.ksad@kerala.gov.in***

തീയതി : 22.06.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ **2016**-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമ പഞ്ചായത്തിന്റെ **2016-17**ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-9/790/2017

Kerala State Audit Department

District Audit Office,Idukki

Ph:04862-227332

***e-mail:doidk.ksad@kerala.gov.in***

Date : 22.06.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Upputhara** Grama Panchayat in **Idukki** District for the year ended on **31-03-2017** in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Upputhara** Grama Panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure .

**DEPUTY DIRECTOR**

**IDUKKI**